# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4689 26.10.2016-ൽ മറുപടിയ്ക്ക്

## ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ : | | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | സർക്കാർ പ്രഖ്യാപിച്ച നഗരസഭ കേന്ദ്രീകരിച്ചുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി ഇതിനകം കോഴിക്കോട് ജില്ലയിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇത് സംബന്ധിച്ച വിശദമായ പദ്ധതി രേഖ തയ്യാറാക്കി യിട്ടുണ്ടോ;എങ്കിൽ പദ്ധതി രേഖയുടെയും റിപ്പോർട്ടി ന്റെയും പകർപ്പ് ലഭ്യമാക്കുമോ; | എ | 2016-17 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി മുൻസിപ്പാലിറ്റിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി ക്കായി 50 കോടി വകയിരുത്തിയിട്ടുണ്ട്. കൊയിലാണ്ടി മുൻസിപ്പാലിറ്റിയിലേയ്ക്കുള്ള ഒന്നാം ഘട്ട പദ്ധതിയുടെ 85 കോടി രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ മേഖലകൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി | പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊയിലാണ്ടി മുൻസിപ്പാലിറ്റിയും കോട്ടൂർ, നടുവണ്ണൂർ, അരിക്കുളം പഞ്ചായത്തുകളും രണ്ടാം ഘട്ടത്തിൽ കായണ്ണ, ഉള്ള്യേരി, അത്തോളി, ചേമഞ്ചേരി, ചെങ്ങോട്ടുകാവ് പഞ്ചായത്തുകളും ഉൾപ്പെടുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ

ഓഫീസ് ... ... ...ിൽ ഒപ്പുമാണ്